**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം : T2395** **08.05.2017 ലെ മറുപടിക്ക്**

## ഗ്രന്ഥശാലകൾക്കുള്ള പുതിയ നിയമ വ്യവസ്ഥ

| **ചോദ്യം**<br>**ശ്രീ. മോൻസ് ജോസഫ്** | **മറുപടി**<br>**പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തെ ഗ്രന്ഥശാലകളെ പരിഷ്കരിക്കാനുദ്ദേശിച്ച് കൊണ്ടുവന്നിരിക്കുന്ന പുതിയ നിയമവ്യവസ്ഥകളിൽ മാറ്റം വരുത്താൻ സർക്കാർ തയ്യാറാകുമോ; | (എ) ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് പ്രാമുഖ്യം നൽകികൊണ്ട്, എല്ലാതലത്തിലും ചർച്ച ചെയ്ത ശേഷമാണ് 30 വർഷം പഴക്കമുള്ള വ്യവസ്ഥകൾക്ക് സർക്കാർ മാറ്റം വരുത്തി പുതിയ മാനദണ്ഡങ്ങൾ പ്രയോഗത്തിൽ വരുത്തിയിട്ടുള്ളത്. |
| (ബി) പ്രസ്തുത വ്യവസ്ഥമൂലം എ ഗ്രേഡ് ഗ്രാന്റ് കിട്ടികൊണ്ടിരുന്ന പല വായനശാലകളും ഗ്രന്ഥശാലകളും സി ഗ്രേഡിലേയ്ക്ക് പോകുന്ന അവസ്ഥ നിലനിൽക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഗ്രന്ഥശാലകൾക്ക് നിലവിലുള്ള ഗ്രേഡിനെ ഇല്ലാതാക്കാനുള്ള ശ്രമം തടയുമോ? | (ബി) ഗ്രന്ഥശാലകളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിന് അടിസ്ഥാനപരമായ പുസ്തകങ്ങളുടെ സ്റ്റോക്കും പുസ്തക വിതരണവും പരിശോധിച്ചാണ് മാർക്ക് നിശ്ചയിക്കുക. ഏറ്റവും കുറഞ്ഞ ഗ്രേഡിലുള്ള ഗ്രന്ഥശാലയ്ക്ക് 20 മാർക്ക് ലഭിക്കും. എന്നാൽ ഗ്രേഡിന്റെ വ്യത്യാസമല്ല, ഗ്രന്ഥശാലയുടെ ബഹുമുഖമായ പ്രവർത്തനത്തിന്റെ വിലയിരുത്തലാണ് പുതിയ രീതിയിലൂടെ അവലംബിക്കുക. |

സെക്ഷൻ ഓഫീസർ